# നാട്ടാചാരങ്ങളും ഭക്ഷണക്രമവും ചെട്ടികുളങ്ങര ശ്രീ ഭഗവതീക്ഷേത്രത്തെ അടിസ്ഥാനമാക്കി ഒരു പഠനം

**കേരള സർവ്വകലാശാല ബിഎ മലയാളം ബിരുദത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം**

**മലയാള വിഭാഗം**
**ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര**
**കേരള സർവ്വകലാശാല**

**2022**

# നാട്ടാചാരങ്ങളും ഭക്ഷണക്രമവും ചെട്ടികുളങ്ങര ശ്രീ ഭഗവതീക്ഷേത്രത്തെ അടിസ്ഥാനമാക്കി ഒരു പഠനം

**കേരളസർവ്വകലാശാല ബിഎ മലയാളം ബിരുദപഠനത്തിന്റ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം**


## തയ്യാറാക്കിയവർ

| | | |
|---|---|---|
| അബിൻ ജോസ് | - | 11519101005 |
| അഞ്ചന ആനന്ദൻ | - | 115191010111 |
| ആവണി കൃഷ്ണൻ | - | 11519101024 |
| ലാവണ്യ. എസ് | - | 11519101029 |
| വൈഷ്ണവി സി.എ | - | 11519101043 |
| റിയ രാജ് | - | 11519101034 |



**Subject Code: ML 1645**
**Examination Code : 11518602**



## മലയാള വിഭാഗം

## ബിഷപ്പ് മൂർ കോളേജ്
## മാവേലിക്കര

## കേരള സർവ്വകലാശാല


**2022**

# പ്രസ്താവന

ബിഷപ്പ് മൂർ കോളേജ്, മലയാള വിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥികളായ അബിൻ ജോസ് (11519101005) അഞ്ചന ആനന്ദൻ(11519101011),ആവണി കൃഷ്ണൻ(11519101024), ലാവണ്യ എസ്സ് (11519101029),വൈഷ്ണവി സി.എ (11519101043), റിയ രാജ് (11519101034) എന്നിവർ സമർപ്പിക്കുന്ന ഈ പ്രബന്ധം. ഏതെങ്കിലും സർവ്വകലാശാലയുടെയോ, തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്ന് പ്രസ്താവിക്കുന്നു.

മാവേലിക്കര
05/05/2022

**അബിൻ ജോസ്**
**അഞ്ചന ആനന്ദൻ**
**ആവണി കൃഷ്ണൻ**
**ലാവണ്യ എസ്**
**വൈഷ്ണവി സി.എ**
**റിയ രാജ്**

# മലയാള വിഭാഗം
# ബിഷപ്പ്മൂർ കോളേജ് , മാവേലിക്കര

## സാക്ഷ്യപത്രം

കേരള സർവ്വകലാശാല ബി.എ ബിരുദപഠനത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന **'നാട്ടാചാരങ്ങളും ഭക്ഷണക്രമവും ചെട്ടികുളങ്ങര ശ്രീ ഭഗവതീക്ഷേത്രത്തെ അടിസ്ഥാനമാക്കി ഒരു പഠനം'** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം ഈ കോളേജിലെ വിദ്യാർത്ഥികളായ അബിൻ ജോസ് (11519101005),അഞ്ജന ആനന്ദൻ (11519101011), ആവണി കൃഷ്ണൻ (11519101024) , ലാവണ്യ എസ്സ് (11519101029), വൈഷ്ണവി സി.എ (11519101043) , റിയ രാജ് (11519101034) എന്നിവർ എന്റെ മേൽ നോട്ടത്തിൽ നടത്തിയ മൗലിക പഠനത്തിന്റെ രേഖ യാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സജിനി ഡീനാമാത്യു
മലയാള വിഭാഗം മേധാവി
ബിഷപ്പ്മൂർ കോളേജ്
മാവേലിക്കര

ജിജിൻ ബി കൃഷ്ണ
അസിസ്റ്റന്റ് പ്രൊഫസർ (ഗസ്റ്റ് ഫാക്വൽറ്റി)
മലയാള വിഭാഗം
ബിഷപ്പ്മൂർ കോളേജ്
മാവേലിക്കര

# ഉള്ളടക്കം

പേജ് നം:

1.. **ആമുഖം** **6–7**

2. **അധ്യായം–1** **8–15**

**ആചാരവും അടിസ്ഥാന സങ്കൽപ്പനവും**

ആചാരം -അടിസ്ഥാന സങ്കൽപ്പനങ്ങൾ

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരം

അനുഷ്ഠാനം

നാട്ടാചാരങ്ങൾ

ആചാരവും ഭക്ഷണവും

3. **അധ്യായം–2** **16–22**

**ചെട്ടികുളങ്ങര ദേവീക്ഷേത്രവും ഹൈന്ദവ വിശ്വാസങ്ങളും**

ചെട്ടികുളങ്ങര ദേവീ ക്ഷേത്രം– ചരിത്രം

ഐതിഹ്യം

ഭൂമിശാസ്ത്രം

കാർഷിക - വാണിജ്യ മേഖലകൾ

പൊതുവായ ആഘോഷങ്ങൾ

4. **അധ്യായം–3** **23–29**

**നാട്ടാചാരങ്ങളും ഭക്ഷണക്രമവും**

കുംഭത്തിലെ കെട്ടുത്സവം

കുത്തിയോട്ട വഴിപാട്

കുതിരമൂട്ടിൽ കഞ്ഞി

കുത്തിയോട്ട വഴിപാടും ഭക്ഷണക്രമവും

ചെട്ടികുളങ്ങര കംഭഭരണിയും കൊഞ്ചും മാങ്ങാക്കറിയും

കാർത്തിക പൊങ്കാല

പറയെടുപ്പ് മഹോത്സവം

5. **ഉപസംഹാരം** **30–31**

6. **ഗ്രന്ഥസൂചി** **32–33**

# ആമുഖം

ഓരോ ജനസമൂഹത്തിനും അതിന്റേതായ പാരമ്പര്യവും സവിശേഷതകളുമുണ്ട് . ജീവിതക്രമത്തിന്റെ ഭാഗമെന്ന നിലയിൽ ആചാരാനുഷ്ഠാനങ്ങൾക്ക് നാട്ടറിവു പ്രഥമസ്ഥാനം അർഹിക്കുന്നു. ആചാര അനുഷ്ഠാനവും അവരുടെ ഭക്ഷണ രീതികളെയും കുറിച്ചുള്ള പഠനം അവരുടെ ചരിത്രം, സമൂഹികഘടന , പ്രാദേശിക സാംസ്കാരിക പ്രത്യേകത എന്നിവയെ തിരിച്ചറിയുന്നതിന് സഹായിക്കുന്നു.

**"നാട്ടാചാരങ്ങളും ഭക്ഷണക്രമവും ചെട്ടികുളങ്ങര ശ്രീ ഭഗവതീക്ഷേത്രത്തെ അടിസ്ഥാനമാക്കി ഒരു പഠനം"** എന്ന വിഷയത്തിലൂടെ ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര പഞ്ചായത്തിൽ ചെട്ടികുളങ്ങര ദേവി ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളും അവയിൽ നാട്ടുകാരുടെ കൂട്ടായ്മയും അവയുമായി ബന്ധപ്പെട്ട ഭക്ഷണ രീതികളെയും പഠന വിധേയമായിരുന്നു. ചെട്ടികുളങ്ങരയിലെ പ്രാദേശിക ജീവിതത്തിൽ ചെട്ടികുളങ്ങര ക്ഷേത്രത്തിനും ആചാരാനുഷ്ഠാനങ്ങൾക്കുമുള്ള സ്ഥാനവും ഭക്ഷണരീതിയും നാട്ടാചാരങ്ങളും തമ്മിലുള്ള ബന്ധവും കണ്ടെത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ ചെട്ടികുളങ്ങരയിൽ പുരാതനകാലം മുതൽ ശ്രദ്ധേയമായ ഒരു ഹൈന്ദവ ക്ഷേത്രമാണ് ചെട്ടികളങ്ങര ശ്രീ ഭഗവതി ക്ഷേത്രം.കേരളത്തിലെതന്നെ ഏറ്റവും പ്രശസ്തമായ ഹൈന്ദവക്ഷേത്രങ്ങളിൽ ഒന്നായ ചെട്ടികുളങ്ങര ശ്രീഭഗവതി ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ഭദ്രകാളിയാണ്.

അധ്യായം ഒന്നിൽ ആചാരത്തേയും അടിസ്ഥാന സങ്കൽപ്പനത്തേക്കുറിച്ചുമാണ് ചർച്ച ചെയ്തിരിക്കുന്നത്. അധ്യായം രണ്ട് ക്ഷേത്രത്തിന്റെ ഹൈന്ദവ

വിശ്വാസങ്ങളും  ചരിത്രം, ഐതീഹ്യം, ഭൂമിശാസ്ത്രം, കാർഷിക വാണിജ്യ മേഖലകൾ, അവിടുത്തെ പൊതുവായ ആഘോഷങ്ങൾ എന്നിവയെക്കുറിച്ചാണ് . അധ്യായം മൂന്നിൽ ചെട്ടികുളങ്ങര ക്ഷേത്രത്തിന്റെ നാട്ടാചാരങ്ങളും ഭക്ഷണക്രമമവുമാണ് ചർച്ച ചെയ്തിരിക്കുന്നത്.

സംസ്കാര പരിണാമ ശൃംഖലയിൽ ഉൾപ്പെടുത്തിയാണ് ചെട്ടികുളങ്ങര ദേവീക്ഷേത്രവുമായി ബന്ധപ്പെട്ട നാട്ടാചാരങ്ങളേയും ഭക്ഷണക്രമവും അപഗ്രഥിക്കുന്നത്. ദേവാലയങ്ങൾക്കുള്ളിലെ നാട്ടാചാരങ്ങളെക്കുറിച്ചുള്ള വിജ്ഞാന പ്രധാനമായ പഠനത്തിനുള്ള  പ്രാധാന്യം ഇവിടെ പരിഗണിക്കുന്നുണ്ട്. നാട്ടുപഴമകൾ തിരിച്ചറിഞ്ഞ് പഠിച്ചു സമകാലിക ജീവിതത്തിലും ഇന്നു പിൻതുടരുന്നു എന്നതാണ് ഈ ക്ഷേത്രത്തിന്റെ ആചാരങ്ങളുടെ പ്രത്യേകത.

# അധ്യായം 1

# ആചാരവും അടിസ്ഥാന സങ്കൽപ്പനവും

- ആചാരം  അടിസ്ഥാന സങ്കൽപ്പനങ്ങൾ
- ക്ഷേത്രങ്ങളുമായി  ബന്ധപ്പെട്ട ആചാരം
- അനുഷ്ഠാനം
- നാട്ടാചാരങ്ങൾ
- ആചാരവും ഭക്ഷണവും

# ആചാരം - അടിസ്ഥാനസങ്കൽപ്പനങ്ങൾ

നാട്ടുനടപ്പ്, സമ്പ്രദായം, നടപടിക്രമം, രീതി, മര്യാദ, ചടങ്ങ്, മതാനുഷ്ഠാനം , പരമ്പരാഗതമായി ആചരിച്ചുവരുന്ന നിയമം, ഒരു പ്രവൃത്തിയുടെ നിരന്തരാവർത്തനം, പതിവുതൊഴിൽ, ഒരു പ്രദേശത്തെ പ്രത്യേക ആചാരനടപടികൾ , ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ പൊതുവായി അംഗീകരിച്ചിരിക്കുന്ന പെരുമാറ്റക്രമം, ആഘോഷങ്ങളോട് സംബന്ധിച്ചുള്ള പ്രത്യേകരീതികൾ തുടങ്ങിയവയെല്ലാം ആചാരം എന്ന പദം ഉൾക്കൊള്ളുന്നതായി വ്യത്യസ്ത നിഘണ്ടുക്കളിൽ നിന്നും മനസ്സിലാക്കാം. രാഘവൻ പയ്യനാട് ആചാരത്തെ ഇപ്രകാരം നിർവചിക്കുന്നു. "ഒരു ജനസാമാന്യം പാരമ്പര്യമായി അനുവർത്തിച്ചുപോരുന്ന അനുഷ്ഠാനപരവും അനുഷ്ഠാനേതരവുമായ ക്രിയാംശങ്ങളെ മുഴുവനും ആചാരം എന്ന പദം കൊണ്ട് വ്യപദേശിക്കുന്നു." (ഫോക്‌ലോർ -1997, 338)

പരമ്പരാഗത ജീവിത നടപടിക്രമങ്ങളാണ് ആചാരങ്ങൾക്ക് വഴി തെളിക്കുന്നത് . ആചാരബദ്ധമാണ് സാമൂഹിക ജീവിതം. ഒരു പ്രദേശത്തെ കീഴ്നടപ്പ് (ആചാരം) മറ്റൊരിടത്ത് ഉണ്ടാവണമെന്നില്ല. ആചാരങ്ങൾക്ക് പ്രാദേശിക ഭേദമുണ്ട്. ഓരോ ജാതിക്കാരും പെരുമാറേണ്ട രീതിയും സംസാരിക്കേണ്ട ക്രമവും ചെയ്യേണ്ടതായ തൊഴിലുകളും വ്യത്യസ്തങ്ങളാകാം. സാമൂഹിക സാമ്പത്തിക പ്രക്രിയകളിൽ ജാതി-വർഗ്ഗവിഭജനത്തെ ആചാരാനുഷ്ഠാനങ്ങളിൽ നിന്നും മനസ്സിലാക്കാം. ആചാരങ്ങൾ വ്യത്യസ്ത്യ സമൂഹങ്ങളെ വ്യതിരിക്തമാക്കുന്നുവെങ്കിലും പരസ്പരം അടുക്കുവാനും സഹകരിക്കുവാനുമുള്ള സന്ദർഭങ്ങൾ ഇവയിലുണ്ട്.

## ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരം

വ്യത്യസ്ത ക്ഷേത്രങ്ങളിൽ വ്യത്യസ്തക്രമങ്ങൾ നിലനിൽക്കുന്നുണ്ട്. ദർശനം നടത്തുവാനും പ്രദക്ഷിണം ചെയ്യുവാനും പ്രത്യേക മുറകളുണ്ട്. പ്രായം, ലിംഗം , ദേശം, വംശം, കുലം തുടങ്ങിയവയ്ക്കനുസരിച്ചും ആചാരങ്ങളിൽ വ്യത്യാസമുണ്ടാകും.

ക്ഷേത്രം മനുഷ്യശരീരത്തിന്റെ തന്നെ പ്രതീകമാണെന്നാണ് വിശ്വാസം. കേര

ളീയ ക്ഷേത്രങ്ങളിൽ അകത്തെ ബലിവട്ടം, നാലമ്പലം ,വിളക്കുമാടം, പുറത്തെ പ്രദക്ഷിണ വഴി, പുറംമതിൽ എന്നിങ്ങനെ അഞ്ച് പ്രകാരങ്ങൾ ഉണ്ടാകും.

ദേവന്റെ സ്ഥൂലശരീരത്തെയാണ് ക്ഷേത്രശിൽപ്പം പ്രതിനിധാനം ചെയ്യുന്നത്. ശ്രീകോവിലിനുള്ളിലുള്ള ദേവപ്രതിഷ്ഠയും അതിനടിയിലുള്ള ഷഡാധാര പ്രതിഷ്ഠയും ദേവന്റെ സൂക്ഷ്മശരീരത്തെ സൂചിപ്പിക്കുന്നവയാണ് . സാധാരണ ഒരു ക്ഷേത്രത്തിൽ ഉഷപൂജ , ഏതൃത്തപൂജ, പന്തീരടിപൂജ, ഉച്ചപൂജ, അത്താഴപൂജ എന്നിങ്ങനെ അഞ്ചുപൂജകളാണ് ഉണ്ടാവുക.

ബ്രഹ്മമുഹൂർത്തത്തിൽ ശംഖനാദത്തോടും വാദ്യഘോഷത്തോടുംകൂടി പള്ളിയുണർത്തുമ്പോൾ ക്ഷേത്രത്തിൽ ഒരു ദിനം ആരംഭിക്കുന്നു. കുളിയും പ്രാതഃസന്ധ്യവന്ദനാദികളും കഴിഞ്ഞ് മേൽശാന്തി തറ്റുടുത്ത് , കാൽകഴുകി, ജപിച്ചുതളിച്ച്, തിരുനടയിൽ വന്ന് അഭിവാദ്യംചെയ്തും മണിയടിച്ചും നടതുറക്കുന്നു.

അകത്തുകടന്നാൽ മേൽശാന്തി ആദ്യം വിളക്കു തെളിയിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് തലേദിവസം അണിയിച്ച മാലകളും പൂജിച്ച പുഷ്പങ്ങളും മാറുന്നു. വിഗ്രഹത്തിൽനിന്നും ഇവ മാറ്റുന്നതിനുമുൻപു നടത്തുന്ന ദർശനത്തിന് നിർമ്മാല്യദർശനം എന്നാണ് പറയുന്നത്. നിർമ്മാല്യദർശനം അതിവിശിഷ്ടമായി ഭക്തജനങ്ങൾ കരുതുന്നു.

നിർമ്മാല്യം മാറ്റിയതിനുശേഷം എണ്ണയാടി, ഇഞ്ച, വാകപ്പൊടി ഇവകളാൽ ദേവനെ തേച്ചുകുളിപ്പിക്കുന്നു. തീർത്ഥമുണ്ടാക്കി അഭിഷേകാധികളും അലങ്കാരങ്ങളുംചെയ്ത് മലർനിവേദ്യം കഴിഞ്ഞാൽ ഉഷപൂജ തുടങ്ങുകയായി. ഉഷപൂജയും ഏത്യത്തപൂജയും കഴിഞ്ഞാൽ ശീവേലി എന്ന ചടങ്ങുനടക്കുന്നു. ദേവന്റെ പാർഷദന്മാർക്കും, ദ്വാസ്ഥന്മാർക്കും പരിവാരങ്ങൾക്കും ബലിതൂവുന്ന ഈ ചടങ്ങോടുകൂടി രാവിലത്തെ പൂജകൾ അവസാനിക്കുന്നു.

പിന്നീട് നടത്തുന്ന പൂജയ്ക്കാണ് പന്തീരടി എന്നു പറയുന്നത്. നിത്യനവ

കവും അഞ്ചുപൂജകളുമുള്ള ക്ഷേത്രങ്ങളിൽ പന്തീരടിയ്ക്കാണ് നവകം പൂജിച്ച് അഭിഷേകം ചെയ്യുന്നത്. നവകമെന്നത് ഒരു മന്ത്രമാണ്. ഒൻപത് സംഖ്യയുടെ കൂട്ടമെന്നാണ് ഇതിന്റെ അർത്ഥം. പിന്നെ ഉച്ചപൂജ അതിനുശേഷം ഉച്ചശീവേലി യോടുകൂടി മദ്ധ്യാഹ്നംവരെയുള്ള പൂജകൾ സമാപിക്കുന്നു.

വൈകുന്നേരം അഞ്ചുമണിയോടുകൂടി ആരംഭിക്കുന്ന സായാഹ്നപൂജകൾ എട്ടു മണിവരെയുണ്ടാകും. പ്രോദോഷ ദിവസങ്ങളിൽ സന്ധ്യയ്ക്ക് ശിവക്ഷേത്ര ങ്ങളിൽ പ്രദോഷപൂജയോടൊപ്പം അഭിഷേകവും പതിവുണ്ട്. മറ്റു ദിവസങ്ങളിൽ സന്ധ്യയ്ക്ക് അഭിഷേകം പതിവില്ല. ദീപാരാധനയ്ക്കുശേഷം അത്താഴപൂജയും അത്താഴശീവേലിയും നടത്തി നട അടയ്ക്കുന്നതോടെ ഒരു ദിവസത്തെ പൂജാ ക്രമം അവസാനിക്കുന്നു.

## അനുഷ്ഠാനം

പാരമ്പര്യ വിശ്വാസമനുസരിച്ച് ചെയ്തുപോരുന്ന കർമ്മത്തെയാണ് സാമാന്യ മായി അനുഷ്ഠാനം എന്ന് വിളിക്കുന്നത് (അനിൽ കെ.എം 2004.48) ആചാരങ്ങൾ വ്യക്തിയെ സമൂഹവുമായി ബന്ധിപ്പിക്കുമ്പോൾ അനുഷ്ഠാനങ്ങൾ മനുഷ്യരെ പര ലോകവുമായാണ് ബന്ധിപ്പിക്കുന്നത്. ആചാരം അലിഖിതമായ ഒരു നിയമസംഹിത യാകുന്നു. സാമൂഹികഘടന മാറുമ്പോൾ ആചാരങ്ങൾ അപ്രത്യക്ഷമാകുന്നുണ്ട്. അനു ഷ്ഠാനങ്ങൾ സാമൂഹ്യഘടനയെ പ്രബലപ്പെടുത്തുന്നില്ല. അത് മനുഷ്യന്റെ ജ്ഞാന ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആചാരങ്ങൾക്ക് പരിണാമം സംഭവിക്കുന്നത്രവേഗ ത്തിൽ അനുഷ്ഠാനങ്ങൾക്ക് മാറ്റം സംഭവിക്കുന്നില്ല. അനുഷ്ഠാനം ആത്മീയവും ആചാരം ഭൗതീകവുമാണ്. സാമൂഹികതയാണ് ആചാരത്തിൽ മുന്നിട്ടു നിൽക്കുന്ന തെങ്കിൽ അനുഷ്ഠാനത്തിൽ മതാത്മകത മുന്നിട്ടു നില്ക്കുന്നു. ആചാരങ്ങളും അനു ഷ്ഠാനങ്ങളും പരസ്പരം കൂട്ടിക്കലർത്തി സമൂഹവ്യവഹാരങ്ങളെ മതാത്മകമാക്കി മാറ്റുന്ന പ്രവണത ഇന്ന് വളരെ വ്യാപകമാണ്. എല്ലാ അനുഷ്ഠാനങ്ങളും മതാത്മക മാകുന്നില്ല. മതപരമായ എല്ലാ പ്രവർത്തികളും അനുഷ്ഠാനവുമാകുന്നില്ല. അനു ഷ്ഠാനത്തിന് യാന്ത്രികച്ചിട്ടയുണ്ട്.

ക്ഷേത്രങ്ങളിലെ തിരുവുത്സവങ്ങളിൽ അനുഷ്ഠാനങ്ങളും ആചാരവും കൂടിക്കലർന്നു കിടക്കുന്നു. ക്ഷേത്രത്തിലെ പൂജാധി കർമ്മങ്ങൾ അനുഷ്ഠാനത്തിന്റെ ഭാഗമാണെങ്കിൽ, ആരായിരിക്കണം അത് ചെയ്യേണ്ടത് എന്ന് തീരുമാനിക്കുന്നതിൽ നാട്ടാചാരം പ്രസക്തമാണ്. സാധാരണ നാളുകളിൽ ദാനധർമ്മം നടത്തുന്നത് അനുഷ്ഠാനമല്ല. എന്നാൽ ഉത്സവദിനങ്ങളിൽ നടത്തുന്ന ദാനധർമ്മം അനുഷ്ഠാനമാകുന്നുണ്ട്.

അനുഷ്ഠാനവും ആചാരവും സമാനാർത്ഥത്തിലും പ്രയോഗത്തിലുമാണ് സാമാന്യ ജനസമൂഹം കണ്ടുവരുന്നത്. ആചാരാനുഷ്ഠാനങ്ങൾ പ്രവൃത്തികളാണ്. വ്യക്തികളല്ല മറിച്ച് സമൂഹങ്ങളാണ് ആചാരനുഷ്ഠാനങ്ങൾ നിർവഹിക്കുന്നത്. ആചാരാനുഷ്ഠാനങ്ങളിലെല്ലാം സമൂഹം ഐക്യത്തോടെ നിൽക്കുന്നു. ഇവയിലൂടെ നമ്മൾ രൂപപ്പെടുന്നു. ഈ കർതൃത്വനിർമ്മിതി ആചാരാനുഷ്ഠാനങ്ങളുടെ സവിശേഷ ധർമ്മമാണ് എന്ന് (അജു കെ എൻ, 2001–194) വ്യക്തമാക്കുന്നുണ്ട്.

## നാട്ടാചാരങ്ങൾ

ജീവിതത്തിന്റെ ചുറ്റുവട്ടത്തുള്ള സാമൂഹിക വഴക്കങ്ങളാണ് നാട്ടാചാരങ്ങളിൽ കാണുന്നത്. മതപരമായ ചടങ്ങുകളെന്ന് വിശേഷിപ്പിക്കാൻ കഴിയാത്ത വിധം പ്രബലമാണ് , അവയുടെ സാമൂഹികമൂല്യം. അനുഷ്ഠാനങ്ങൾ സുസ്ഥിരതയ്ക്ക് മുൻതൂക്കം നൽകുമ്പോൾ നാട്ടാചാരങ്ങളിൽ വഴക്കത്തിനാണ് പ്രാധാന്യം നൽകുന്നത്.

ജീവിതത്തിലെ വേദനകളും ആകുലതകളും ലഘൂകരിക്കാനും ആവശ്യങ്ങൾ നിറവേറ്റാനുമുള്ള വ്യഗ്രതകളാണ് ദേവാലയങ്ങളിലെ നാട്ടാചാരങ്ങളിൽ പലതും. അനുഷ്ഠാനങ്ങൾ ഭൗതീകതലത്തിലേക്ക് മനുഷ്യമനസ്സിനെ തിരിച്ചുവിടുന്നു. അമൂർത്തമായ ആശയങ്ങൾ ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്. സമകാലിക സാഹചര്യങ്ങളിൽ ക്ഷേത്രങ്ങളിലെ ആചാരങ്ങളിലും വഴിപാടുകളിലും ഒരു പാരിസ്ഥിതിക ദർശനം നിഴലിക്കുന്നുണ്ട്. മതവും സംസ്കാരവും ശാസ്ത്രവും രാഷ്ട്രീയവുമെല്ലാം പരിസ്ഥിതിക്ക് കൂടുതൽ ഊന്നൽ നൽകുന്ന കാലമാണിത്. മനുഷ്യമനസ്സ് പ്രകൃതിയോട് ഇണങ്ങിച്ചേരാൻ ആഗ്രഹിക്കുന്നു. ഹരിതസംവേദനം എന്ന് ഇതിനെ പരിസ്ഥിതിവാദികൾ വിളിക്കുന്നതായി, അജു കെ.എൻ (2001– 196) നിരീക്ഷിക്കുന്നുണ്ട്. ക്ഷേത്രങ്ങളിലെ ആചാ

രാനുഷ്ഠാനങ്ങളിലും ഹരിതദർശനം ഉൾച്ചേർന്നിരിക്കുന്നു. ജലം, എണ്ണ, അരി, നെയ്യ്, പടച്ചോറ് , പായസം , വെറ്റ, കാർഷിക ഫലവർഗ്ഗങ്ങൾ എന്നിവയ്ക്കെല്ലാം വഴിപാടു വസ്തുക്കളിൽ വലിയ സ്ഥാനമുണ്ട്. പാരിസ്ഥിതിക പ്രതിസന്ധി ചുറ്റുപാടും ദർശിക്കുന്ന ഇക്കാലഘട്ടത്തിൽ ക്ഷേത്രങ്ങളിലെ പാരിസ്ഥിതിക പാരമ്പര്യങ്ങൾ പ്രാധാന്യമർഹിക്കുന്നു.

## ആചാരവും ഭക്ഷണവും

ഒരു ജനത എന്ത് ഭക്ഷണം കഴിക്കുന്നു എന്നത് ഏറിയകൂറും എന്ത് ഭക്ഷണ സാധനമാണ് എളുപ്പം ലഭ്യമായിട്ടുള്ളത് എന്നതിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിലെ ഗ്രാമങ്ങളിൽ അരി ഉപയോഗിക്കുന്നത് അവിടെ അവ സുലഭമാണെന്നുള്ളതുകൊണ്ടാണ്.

ചില ചടങ്ങുകളോടനുബന്ധിച്ച് ചില സവിശേഷഭക്ഷണപദാർത്ഥങ്ങൾ വേണമെന്നുണ്ട്. ഇത് ഓരോ ജനസാമാന്യത്തിനും വ്യത്യസ്തമാണെന്നും കാണാം. ദൈവത്തിനുപോലും നിവേദ്യം നൽകി നാം ദൈവവുമായി ബന്ധം സ്ഥാപിക്കുന്നു. എല്ലാ ചടങ്ങുകളുടെയും ഭാഗമായി ഭക്ഷണം ഉണ്ടാക്കുന്നതും ഇതുകൊണ്ടുതന്നെ. ചില പ്രത്യേകതരം ഭക്ഷണപദാർത്ഥങ്ങൾ സവിശേഷമായ അവസരത്തിലേ ഉണ്ടാക്കുകയുള്ളൂ. ഇതു നൽകുന്നതിലൂടെ ബന്ധം വ്യക്തമാക്കുന്നതോടൊപ്പം ആ സവിശേഷമായ അവസരത്തെ അറിയിക്കുകകൂടിയാണ് ചെയ്യുന്നത്. ഇവിടെ ഭക്ഷണമെന്നുള്ളത് വിശപ്പു മാറ്റാനുള്ള ഉപാധിയെന്നതിലുപരി ആശയത്തിന്റെയും വികാരത്തിന്റെയും വിനിമയോപാധിയാണ്. പൂജാരിയുടെ കൈയ്യിൽനിന്നുലഭിക്കുന്ന തീർത്ഥജലം ദാഹത്തെ ശമിപ്പിക്കുന്നതിനുതകാറില്ല. അത് ദൈവപ്രീതിയെന്ന മനസ്സിലെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. വിശേഷദിവസത്തിന്റെ സവിശേഷതക്കനുസരിച്ച് ഭക്ഷണത്തിൽ വ്യത്യാസമുണ്ടായിരിക്കും. ഭക്ഷണമെന്നത് ഭൗതീകജീവിതത്തിനുള്ള ഒരു ഉപാധി മാത്രമാണെന്നു തോന്നാമെങ്കിലും ജനസാമാന്യത്തിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ തലങ്ങളുമായി അതിനുബന്ധമുണ്ട്.

ആചാരം, അനുഷ്ഠാനം എന്നിവ നിരന്തരം പരിണാമത്തിനു വിധേയമാകുന്നവയാണ്.അവയുടെ പരിണാമഗതിയിലാണ് ചരിത്രത്തിന്റെ ദിശകൾ അടയാളപ്പെടുത്താൻ ശ്രമിക്കേണ്ടത്.

ആലപ്പുഴയിലെ മാവേലിക്കരയിൽ സ്ഥിതി ചെയ്യുന്ന പുരാതന ക്ഷേത്രങ്ങളിലൊന്നായ ചെട്ടികുളങ്ങര ദേവീക്ഷേത്രം വാർഷിക ഭരണി ഉത്സവത്തിന് പ്രസിദ്ധമാണ്. മലയാള മാസമായ കുംഭമാസത്തിലെ (ഫെബ്രുവരി-മാർച്ച്) ഭരണി നക്ഷത്രത്തിലാണ് ഈ ഉത്സവം വരുന്നത്. കെട്ടുകാഴ്ച എന്ന് വിളിക്കപ്പെടുന്ന ശോഭയുള്ള അലങ്കാര ഘടനകളുടെ ആചാരപരമായ ഘോഷയാത്രയാണ് ഉത്സവത്തെ മറ്റ് ഉത്സവങ്ങളിൽ നിന്ന് വേറിട്ടു നിർത്തുന്നത്. ഇതിലൂടെ ഗ്രാമത്തിന്റെ ഐക്യം പ്രകടമാക്കുകയും ചെയ്യുന്നു.

ഇവിടെ ദേവിയെ മൂന്ന് വ്യത്യസ്ത രൂപങ്ങളിൽ ആരാധിക്കുന്നു. മഹാസരസ്വതി, മഹാലക്ഷ്മി, മഹാകാളി അല്ലെങ്കിൽ ദുർഗ്ഗ. ക്ഷേത്രത്തിലെ പ്രധാന വഴിപാടാണ് ചാന്താട്ടം. ക്ഷേത്രത്തിൽ മൂന്ന് നേരം പൂജ നടക്കുന്നു. ചാന്താട്ടവും, കുത്തിയോട്ടവും പ്രധാന വഴിപാടുകൾ. അർച്ചനയും തുലാഭാരവും തുടങ്ങി നിരവധി വഴിപാടുകൾ വേറെയുമുണ്ട്. തേക്കിൻ തടിയിൽ നിന്നെടുക്കുന്ന ദ്രാവകം ഒൻപതു കുടങ്ങളിലാക്കി പൂജിച്ച് ഉച്ചപൂജ സമയത്ത് വിഗ്രഹത്തിൻ അഭിഷേകം ചെയ്യുന്നതാണ് ചാന്താട്ടം. ഏഴും എട്ടും ചാന്താട്ടം വഴിപാടായി നടക്കാറുണ്ട്.

ജനങ്ങൾ ദൈവത്തിന് സമർപ്പിക്കുന്ന കെട്ടുകാഴ്ചകൾ ചെട്ടികുളങ്ങര ഗ്രാമത്തിലെ ഓരോ കരകളെ പ്രതിനിധീകരിച്ച് □ക്ഷേത്രത്തിൽ സമർപ്പിക്കുന്നതാണ്.

## ചെട്ടികുളങ്ങര ദേവീക്ഷേത്രം - ചരിത്രം

എ.ഡി 823- ലെ മകരമാസത്തിലെ ഉതൃട്ടാതി നാളിൽ പത്മപാദാചാര്യർ (ആദി ശങ്കന്റെ പ്രധാന ശിഷ്യൻ) ഈ ക്ഷേത്രം പ്രതിഷ്ഠിച്ചതായി വിശ്വസിക്കപ്പെടുന്നു. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലിസന്ദേശങ്ങളിൽ പരാ

മർശിച്ചിട്ടില്ലാത്തതിനാൽ സമീപത്തെ കണിയൂർ മഹാദേവ ക്ഷേത്രത്തിന്റെയോ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെയോ അത്രയും പുരാതനമല്ല ഈ ക്ഷേത്രം എന്നു വാദമുണ്ട്. എന്നാൽ ഈ വാദത്തെ പ്രാദേശിക ചരിത്രകാരന്മാർ എതിർക്കുന്നു. പരേതനായ കണ്ടിയൂർ മഹാദേവശാസ്ത്രി പറയുന്നതനുസരിച്ച് , പുരാതന വേണാട് രാജാവായിരുന്ന രവിവർമ്മന്റെ പ്രധാന കൊട്ടാരത്തിൽ വന്ന സമുദ്രബന്ധൻ ഈ ക്ഷേത്രം സന്ദർശിക്കുകയും ഭഗവതിയെക്കുറിച്ച് കവിതകൾ എഴുതുകയും ചെയ്തിട്ടുണ്ടെന്ന് പറയപ്പെടുന്നു. വേണാട് രാജാവായ ആദിത്യകുലശേഖരൻ (എഡി 1374 മുതൽ എഡി 1389 വരെ ) ചെട്ടികുളങ്ങര ക്ഷേത്രം സന്ദർശിച്ചിരുന്നുവെന്ന് പ്രാദേശിക ചരിത്രകാരന്മാർ വാദിക്കുന്നു. ഈ ക്ഷേത്രത്തിലെ ഇന്നത്തെ ശ്രീകോവിലിനും ചുറ്റമ്പലത്തിനും 400 -480 വർഷത്തെ പഴക്കമേ ഉള്ളൂ എന്ന് പറയേണ്ടി വരും. രണ്ട് നൂറ്റാണ്ടിലധികം പഴക്കമില്ല. ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും പരിസരവും കാലാകാലങ്ങളിൽ വിവിധ പ്രാദേശിക പ്രമാണിമാർ വികസിപ്പിച്ചെടുത്തതായി പ്രാദേശിക ചരിത്ര കാരന്മാർ പറയുന്നു. എഡി 1540-ലാണ് ഇന്നത്തെ ശ്രീകോവിൽ നവീകരിച്ചത്. ഈ ക്ഷേത്രത്തിൽ ഒരു ചെറിയ തീപിടിത്തം ഉണ്ടായതിനാൽ മലയാളവർഷം 1002 -ൽ ചുറ്റമ്പലം അല്പം പരിഷ്കരിച്ചു.

ഓണാട്ടുകരയിലെ (മാവേലിക്കര) എല്ലാ ജനങ്ങളുടെയും ക്ഷേമത്തിനായി ആ സ്ഥലത്തേക്ക് കൊണ്ടുവന്ന കൊടുങ്ങല്ലൂർ അമ്മയുടെ മകളാണ് ചെട്ടികുളങ്ങര അമ്മ (പ്രധാന പ്രതിഷ്ഠ) എന്നും വിശ്വസിക്കപ്പെടുന്നു. കൂടാതെ തമിഴ്നാട്ടിൽ നിന്നുള്ള ചില ചെട്ട്യാർ കുടുംബങ്ങൾക്ക് ചെട്ടികുളങ്ങര എന്ന പേരുമായി ബന്ധമുണ്ടെന്നും അതിൽ പറയുന്നു.

# അധ്യായം 2

# ചെട്ടികുളങ്ങര ദേവീക്ഷേത്രവും ഹൈന്ദവ വിശ്വാസങ്ങളും

- ചെട്ടികുളങ്ങര ദേവീക്ഷേത്രം - ചരിത്രം
- ഐതിഹ്യം
- ഭൂമിശാസ്ത്രപരമായ പ്രത്യേകത
- കാർഷിക -വാണിജ്യ മേഖലകൾ
- ചെട്ടികുളങ്ങരയിലെ ആഘോഷങ്ങൾ
- കുംഭഭരണി
- അശ്വതി മഹോത്സവം

# ഐതീഹ്യം

ചെട്ടികുളങ്ങര ഭഗവതി കൊടുങ്ങല്ലൂർ അമ്മയുടെ മകളാണെന്നാണു സങ്കല്പം.ഓണാട്ടു കരയിലെ പ്രമുഖരായ നാല് മാടമ്പിമാരായിരുന്നു ഈരേഴ തെക്ക് മുറിയിൽ കോട്ടൂർ മണവത്ത് ചെമ്പോലിൽ ആദിചെമ്മൻ ശേഖരൻ താങ്കളും , കൈതതെക്ക് മുറിയിൽ മങ്ങാട്ടേത്ത് മാതുവും , ഈരേഴതെക്ക് മുറിയിൽ കാട്ടൂർ കൊച്ചു കോമക്കുറുപ്പും , ഈരേഴ തെക്ക് മുറിയിൽ പുതുപ്പുരയ്ക്കൽ മാളിയേക്കൽ ആനന്ദവല്ലീശ്വരനും. ഇവരുടെ സർവാദികാര്യക്കാരനായ ഈരേഴ വടക്ക് മേച്ചേരിൽ കുലശേഖരപണിക്കരുമായി തൊട്ടടുത്ത ഗ്രാമമായ കൊയ്പ്പള്ളി കാരാഴ്മ കുറങ്ങാട്ട് കാരണവരുടെ അധീനതയിലുള്ള ദേവീക്ഷേത്രത്തിലെ ഉത്സവം കാണാൻപോയി നാട്ടുവർത്തമാനങ്ങളും പറഞ്ഞ് ഉത്സവാഘോഷങ്ങളും കണ്ടുനടന്ന പ്രമാണിമാരെ കൊയ്പ്പള്ളി കാരാഴ്മ ദേശത്തെ നാട്ടുപ്രമാണിയായിരുന്ന കാക്കനാട് കൈതോന നല്ലതമ്പിയും കൂട്ടരും അധിക്ഷേപിച്ചു. അധിക്ഷേപത്തിൽ മനം നൊന്ത പ്രമാണിമാർ ഉത്സവം മുഴുവൻ കാണാതെ ചെട്ടികുളങ്ങരയിലേക്ക് മടങ്ങവേ വഴിമദ്ധ്യേ ഈരേഴതെക്ക് കോയിക്കൽ തറയ്ക്ക് സമീപമുള്ള കല്ലിൽ തീർത്ത വഴിമണ്ഡപത്തിൽ ഇരുന്ന് പരിഹാരം ചിന്തിക്കുകയും കൊടുങ്ങല്ലൂർ ഭഗവതിയെ തൊഴുത് അഭയം പ്രാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് തങ്ങളുടെ ഭവനങ്ങളിൽ തിരികെയത്തി ബന്ധുജനങ്ങളോടും ദേശവാസികളോടും വിവരങ്ങൾ പറഞ്ഞ് ഇവർ തീർത്ഥയാത്രയ്ക്ക് പുറപ്പെട്ടു. ഈ യാത്രയിൽ ദേശവാസികളും അണിചേർന്നു. യാത്രാമദ്ധ്യേ കരിപ്പുഴ തോടിന്റെ കിഴക്കേ ഓരത്തുവച്ച് തീരുമാനം പുനഃപരിശോധിച്ചു. തങ്ങളുടെ അഭാവത്തിൽ ദേശം അന്യദേശക്കാർ കൈയ്യേറുമെന്നും തസ്കരന്മാർ മുതലെല്ലാം കവർന്നെടുക്കുമെന്നും മനസ്സിലാക്കിയ മാടമ്പിമാർ ദേശവാസികളെ പിന്തിരിപ്പിക്കുകയും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുവാൻ ഓടനാട് രാജാവിന്റെ സർവ്വസൈന്യാധിപനായ എരുവ അച്യുതവാര്യരുടെ പ്രിയ ശിഷ്യനും ആയോധനകലയിൽ അഗ്രഗണ്യനുമായ പുതുപുരയ്ക്കൽ ആനന്ദവല്ലീശ്വരന്റെ ഇളമുറക്കാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇത് ശരിയെന്ന് അംഗീകരിച്ച് ദേശവാസികൾ തിരികെ യാത്രയായി പുതിയ ശരി കൈക്കൊണ്ട സ്ഥലം എന്ന

നിലയിൽ ഇവിടം പുതിയശരിയെന്നും പിന്നീട് പുതുശ്ശേരി എന്നും അറിയപ്പെട്ടു.

ഈ തീരുമാനത്തിനുശേഷം നാല് മാടമ്പിമാരും കാര്യക്കാരനുമൊത്ത് കൊടുങ്ങല്ലൂർ എത്തി രാജാവിനെ കണ്ട് വിവരം ധരിപ്പിച്ചു. രാജാവ് പ്രമാണിമാർക്ക് കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ ഭജനമിരിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു കൊടുക്കുകയും ചെയ്തു. (ഇതിന്റെ സ്മരാണാർത്ഥമാണ് മീനത്തിലെ അശ്വതിക്കുശേഷം കരനാഥന്മാർ ഒത്തുചേർന്ന് ഇന്നും കൊടുങ്ങല്ലൂർ തീർത്ഥയാത്ര ചെയ്യുന്നത്). കഠിനമായ വ്രതാനുഷ്ഠാനങ്ങളോടെ അനേകനാളുകൾ ഭജനമിരുന്ന ഭക്തർക്ക് വെളിച്ചപ്പാടിലൂടെ ഒരു വാളും ചിലമ്പും സാന്നിദ്ധ്യമറിയിച്ചു നൽകുകയും, സങ്കട നിവർത്തി വരുത്തി രക്ഷിച്ചു കൊള്ളാമെന്ന് ദേവിയുടെ അരുളപ്പാട് ഉണ്ടാവുകയും ചെയ്തു. സംതൃപ്തരായ കരനാഥന്മാർ ചെട്ടികുളങ്ങര ദേശത്തേക്ക് തിരികെ എത്തുകയും അമ്മയുടെ സാന്നിദ്ധ്യത്തിനായി വ്രതാനുഷ്ഠാനങ്ങളോടെ ഭജനം പാർക്കുകയും ചെയ്തു.

ദിവസങ്ങൾ കഴിഞ്ഞ് ഒരു സന്ധ്യാസമയത്ത് കരിപ്പുഴ തോടിന്റെ കരയിൽ ഈനാശു എന്ന കടത്തുകാരൻ തന്റെ ജോലി തീർത്ത് വഞ്ചി ഒതുക്കുന്ന നേരത്ത് മറുകരയിൽ നിന്ന് ഒരു വൃദ്ധ വിളിച്ചു. ശ്രേഷ്ഠികുളങ്ങരയിലേക്ക് (ചെട്ടികുളങ്ങര) പോയി വരാൻ തന്നെ സഹായിക്കണമെന്ന് വൃദ്ധ ആവശ്യപ്പെട്ടു. നേരം വൈകിത്തുടങ്ങിയതിനാൽ ആ അഭ്യർത്ഥന അയാൾക്ക് നിരസിക്കുവാൻ കഴിഞ്ഞില്ല. കടത്തുകാരൻ വൃദ്ധയേയും കൂട്ടി യാത്രതിരിച്ചു. യാത്രാക്ഷീണം മൂലം ഈനാശു പുതുശ്ശേരിയിലെ ആഞ്ഞിലി മരച്ചുവട്ടിൽ വൃദ്ധയെ വിശ്രമിക്കുവാൻ ഇരുത്തുകയും ചെയ്തു.(അമ്മ വിശ്രമിച്ച സ്ഥലമാണ് ഇന്നത്തെ പുതുശ്ശേരി അമ്പലം. അമ്മയ്ക്ക് ദാഹജലം കോടുത്ത പതിയാൻ ഭവനമാണ് ഇന്നത്തെ ചാലുകോയിക്കൽ പതിയാർ ഭവനം. ഈ കുടുംബക്കാർക്ക് ഇതിന്റെ സ്മരണാർത്ഥം അമ്മയുടെ തിരുവസ്ത്രങ്ങൾ അലക്കുവാനുള്ള അവകാശം പതിച്ചു നൽകുകയും പ്രതിഫലമായി ക്ഷേത്രത്തിൽ നിന്ന് ദക്ഷിണ നൽകുകയും ചെയ്തിരുന്നു).

ഈനാശു ഉണർന്നെണീറ്റപ്പോൾ വൃദ്ധയെ കണ്ടില്ല. പരിഭ്രമിച്ച ഇദ്ദേഹം അടുത്തുള്ള ഭവനങ്ങളിൽ വിവരം അറിയിച്ച് തന്റെ കുടിലിലേക്ക് പോയി. ഈ സംഭവം നടന്നതിന്റെ തൊട്ടടുത്ത ദിവസം ചെട്ടികുളങ്ങരയിലെ ഒരു

ബ്രാഹ്മണകുടുംബമായ താഴവനഇല്ലത്ത് പുരമേച്ചിൽ നടക്കുകയായിരുന്നു. പുര കെട്ടുന്നവർക്ക് ഉച്ചഭക്ഷണം കഞ്ഞിയും മുതിരപ്പുഴുക്കും അസ്ത്രവുമായിരുന്നു (നടുതല ധാന്യങ്ങൾ കൊണ്ടുണ്ടാക്കുന്ന ഒരു കൂട്ടുകറിയാണ് അസ്ത്രം). മേച്ചിൽകാർക്ക് കഞ്ഞിവിളമ്പിക്കൊണ്ടിരുന്നപ്പോൾ അപരിചിതയായ ഒരു മധ്യവയസ്ക അവിടെയെത്തുകയും തനിക്കും കൂടി ഭക്ഷണം നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഗൃഹനാഥൻ ഉടൻതന്നെ ഇല-തട (ഓലക്കാരൻ വളച്ചുണ്ടാക്കുന്ന വളയാണ് തട) ഇട്ട് കുലീനയായ സ്ത്രീയ്ക്കും ഭക്ഷണം നൽകി , കഞ്ഞി കുടിച്ച ശേഷം സ്ത്രീ വടക്കു ഭാഗത്തുള്ള കുളത്തിലിറങ്ങി മുഖം കഴുകി വീണ്ടും വടക്കോട്ട് നീങ്ങി, സ്ത്രീയെ ശ്രദ്ധിച്ചു കൊണ്ടിരുന്ന ഇല്ലത്തെ അന്തർജ്ജനം ഒരു പ്രകാശം ജ്വലിച്ചുയർന്ന് ഈ സ്ത്രീ അപ്രത്യക്ഷമാകുന്നത് കാണുകയും ബോധരഹിതയായി വീഴുകയും ചെയ്തു. (ദേവി മുഖം കഴുകിയ കുളം ഇന്നും ഉണ്ട്, ദേവി അപ്രത്യക്ഷമായ സ്ഥലമാണ് ഇന്നും ക്ഷേത്രത്തിലെ മൂലസ്ഥാനം ) ബോധം വീണ്ടുകിട്ടിയ അന്തർജ്ജനം തനിക്കുണ്ടായ അനുഭവം കൂടിനിന്നവരെ ധരിപ്പിച്ചു. കൊടുങ്ങല്ലൂരിൽ പോയി ഭജനം പാർത്തിരുന്ന കരനാഥന്മാർക്ക് ദേവീസാന്നിദ്ധ്യം സ്വപ്നദർശനത്താൽ ബോധ്യമായി. ഈ സംഭവങ്ങളുടെ വെളിച്ചത്തിൽ ഓണാട്ടുകരയിലെ പ്രസിദ്ധ കണിയാർ സമുദായത്തിലെ ജ്യോതിഷ പണ്ഡിതനുമായ മങ്കുഴി കണിയാരെ വിളിച്ച് പ്രശ്നംവെച്ചതിൽ ദേവീസാന്നിധ്യം ഉണ്ടായതായി തെളിഞ്ഞു. തുടർന്ന് ഓടനാട് നരിയങ്ങമണ്ണൂർ കൊട്ടാരത്തിൽ വിവരം ധരിപ്പിക്കുകയും ക്ഷേത്ര നിർമ്മാണത്തിന് ഇരവിമാർത്താണ്ഡവർമ്മൻ ഉത്തരവിടുകയും കൊടുങ്ങല്ലൂരിൽ പോയിവന്ന പ്രമാണിമാരെ ക്ഷേത്ര നിർമ്മാണച്ചുമതല ഏൽപ്പിക്കുകയും ചെയ്തു.

## ഭൂമിശാസ്ത്രപരമായ പ്രത്യേകത

ചെട്ടികുളങ്ങര ഗ്രാമം നെല്ല്, എള്ള് , മരച്ചീനി എന്നിവ കൃഷി ചെയ്തിരുന്ന പ്രദേശമാണ്. കായംകുളം, മാവേലിക്കര, ഹരിപ്പാട്, മറ്റ് സമീപനഗരങ്ങൾ എന്നിവയുമായി ഈ സ്ഥലം ബന്ധപ്പെട്ടിരിക്കുന്നു. ദക്ഷിണകേരള ഡിവിഷനിൽ ഉൾപ്പെടുന്നു. ജില്ലാ ആസ്ഥാനമായ ആലപ്പുഴയിൽ നിന്ന് തെക്ക് 42 കിലോമീറ്റർ ആകലെയാണ് ഇത് സ്ഥിതി ചെയ്യുന്നത്. മാവേലിക്കര തെക്കേക്കരയിൽ നിന്ന് 3 കിലോമീറ്റർ.

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം, ചെട്ടികുളങ്ങരയിൽ നിന്ന് 111 കിലോമീറ്റർ അകലെയാണ്. പിൻകോഡ് 690106 -ഉം, തപാൽഹെഡ് ഓഫീസ് ചെട്ടികുളങ്ങരയുമാണ്. പുന്നമൂട് (3കിലോമീറ്റർ), സായി നഗർ (3കിലോമീറ്റർ) , ചേപ്പാട്(5കിലോമീറ്റർ) , ചെറുകോൽ (5 കിലോമീറ്റർ), തഴക്കര(6 കിലോമീറ്റർ) എന്നിവയാണ് ചെട്ടികുളങ്ങരയുടെ സമീപഗ്രാമങ്ങൾ. ചെട്ടികുളങ്ങരക്ക് പടിഞ്ഞാറ് മുതുകുളം ബ്ലോക്ക്, കിഴക്കോട്ട് ഭരണിക്കാവ് ബ്ലോക്ക്, പടിഞ്ഞാറ് ഹരിപ്പാട് ബ്ലോക്ക് , തെക്ക് ഓച്ചിറ ബ്ലോക്ക് എന്നിവയാൽ ചുറ്റപ്പെട്ടിരിക്കുന്നു. മാവേലിക്കര , കായംകുളം , ചെങ്ങന്നൂർ , അടൂർ എന്നിവയാണ് ചെട്ടികുളങ്ങരയ്ക്ക് സമീപമുള്ള നഗരങ്ങൾ. ആലപ്പുഴ ജില്ലയുടെയും കൊല്ലം ജില്ലയുടെയും അതിർത്തിയിലാണ് ഈ സ്ഥലം. കൊല്ലം ജില്ല ഈ സ്ഥലത്തിന്റെ തെക്ക് ആണ്. കൂടാതെ ഇത് മറ്റൊരുജില്ലയായ പത്തനംതിട്ടയുടെ അതിർത്തിയിലാണ്.

## കാർഷിക- വാണിജ്യ മേഖലകൾ

ചെട്ടികുളങ്ങരയുടെ ചരിത്രം പരിശോധിച്ചാൽ നെൽകൃഷി ആയിരുന്നു ഇവിടുത്തെ ജനങ്ങളുടെയും പ്രധാന ഉപജീവന മാർഗ്ഗം എന്ന് വ്യക്തമാകും. ധാരാളം പാടങ്ങൾ കൊണ്ടും സമൃദ്ധമായിരുന്നു ഈ മേഖല പണ്ട്. വിളവെടുപ്പ് കാലം കഴിയുമ്പോൾ കിട്ടുന്ന ലാഭത്തിന്റെയും സന്തോഷത്തിന്റെയും നന്ദി സൂചകമായിട്ടുകൂടിയാണ് കുംഭമാസത്തിലെ ഭരണിനാളിൽ കെട്ടുകാഴ്ച സമർപ്പണം നടത്തിവരുന്ന പതിവ് തുടങ്ങിയത് എന്ന് പല ചരിത്രകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭരണിച്ചന്ത ചെട്ടികുളങ്ങരയുടെ എടുത്തുപറയേണ്ട പ്രത്യേകതയാണ്. ചെറുതും വലുതുമായ നിരവധി ചന്തകളും, കുംഭഭരണിക്കാലത്തു നിലവിൽ വരുന്ന ഭരണിച്ചന്തയും ചെട്ടികുളങ്ങരയുടെ പ്രധാന വാണിജ്യ മേഖലകളായിരുന്നു. ചുമലിൽ താങ്ങിയും കുട്ടയിലും സഞ്ചിയിലും പച്ചക്കറികളും എള്ളും മരച്ചീനിയും നിറച്ചുകൊണ്ട് ചെട്ടികുളങ്ങര ചന്തയിൽ വ്യാപാരത്തിനു കുട്ടികളും സ്ത്രീകളും ഉൾപ്പെടെ പോയിരുന്നതായി പഴമക്കാർ പറയുന്നു. തൊട്ടടുത്തുള്ള കരിപ്പുഴതോടും കായംകുളംചന്തയും ചെട്ടികുളങ്ങരയെ വ്യാപാരികളുടെ താവളം ആക്കിയിരുന്നു. പ്രധാനപ്പെട്ട വ്യാപാരമേഖല ആയിരുന്നു പണ്ട് മുതലേ ചെട്ടികുളങ്ങര ചന്ത എന്ന് അറിയപ്പെടുന്ന സ്ഥലവും കുളച്ചന്ത എന്ന ഇതേ മേഖലയിലെ മറ്റൊരു സ്ഥലവും.

കാളയെയും മറ്റും വൻതോതിൽ വ്യാപാരം നടത്തിയിരുന്ന പ്രധാന മേഖല ആയി രുന്നു ഈ സ്ഥലം ഇന്നും അങ്ങനെയാണ് ഈ പേര് വന്നതെന്നും പറയപ്പെടുന്നു. ഒരു കാലത്ത് ഓണാട്ടുകര ഒരു നെല്ലറ തന്നെയായി കരുതപ്പെട്ടിരുന്ന കാലത്ത് നെല്ലുത്പാദനത്തിൽ വളരെ മുന്നിൽ ആയിരുന്നു ചെട്ടികുളങ്ങര.

## ചെട്ടികുളങ്ങരയിലെ ആഘോഷങ്ങൾ

ചെട്ടികുളങ്ങരയിലെ പൊതുവായ ആഘോഷങ്ങളിൽ പ്രധാനമാണ് ചെട്ടി കുളങ്ങര ദേവീക്ഷേത്രത്തിലെ കുത്തിയോട്ടം , കെട്ടുകാഴ്ച , കാർത്തിക പൊങ്കാല , പറയെടുപ്പ് മഹോത്സവം, കുതിരമൂട്ടിൽ കഞ്ഞി, എതിരേൽപ്പ് ഉത്സവം , മീനം അശ്വ തി, മീനഭരണി, മീനകാർത്തിക എന്നീ ഉത്സവങ്ങൾ.

### പറയെടുപ്പ് മഹോത്സവം

ഓണാട്ടുകരയിലെ ഒട്ടനവധി ക്ഷേത്രങ്ങളിൽ പറയെടുപ്പ് കാലം ഉത്സവ കാലമാണ്. മലയാള മാസമായ മകരത്തിലെ മകയീരം നക്ഷത്രത്തിൽ പറയെടു പ്പിനായി ചെട്ടികുളങ്ങര ക്ഷേത്രത്തിലെ പ്രതിഷ്ഠയെ (ദേവി) ഘോഷയാത്രയായി കോണ്ടുപോകുമ്പോഴാണ് ഇതെല്ലാം ആരംഭിക്കുന്നത്. മീനത്തിന്റെ അവസാനം വരെ ഉത്സവങ്ങൾ തുടരുന്നു. പറയെടുപ്പിന്റെ പ്രധാനഭാഗം ക്ഷേത്രനിർമ്മാണത്തിന്റെ മാതൃകയിൽ നിർമ്മിച്ച ജീവതയാണ്.

### കുംഭഭരണി

ചെട്ടികുളങ്ങരയിലെ പ്രധാന ഉത്സവം കുംഭഭരണിയാണ്. ഫെബ്രുവരി അല്ലെ ങ്കിൽ മാർച്ച് മാസങ്ങളിലാണിത്. കൊല്ലവർഷം എന്ന മലയാളം കലണ്ടർ അനുസ രിച്ചാണ് തീയതി നിശ്ചയിക്കുന്നത്. ചെട്ടികുളങ്ങര ഭരണി, കുംഭമാസത്തിലാണ് ആഘോഷിക്കുന്നത്. അതിനാൽ കുംഭഭരണി എന്ന പേര് ലഭിച്ചു. കുത്തിയോട്ടവും കെട്ടുകാഴ്ചയുമാണ് ഉത്സവത്തിന്റെ പ്രത്യേകത. കുംഭഭരണിയുടെ ഒരുക്കം യഥാർത്ഥ ദിവസത്തിന് ഏഴ് ദിവസം മുമ്പ് ആരംഭിക്കുന്നു. സാധാരണയായി ആ ദിവസം ശിവരാത്രിയായിരിക്കും.

## എതിരേൽപ്പ് ഉത്സവം

വാർഷിക ക്ഷേത്രോത്സവമാണിത്. കുംഭഭരണി കഴിഞ്ഞ് പത്താം ദിവസം മുതൽ പതിമൂന്ന് ദിവസം ക്ഷേത്രത്തിൽ വാർഷിക ഉത്സവം ആഘോഷിക്കുന്നു. ഉത്സവത്തിന്റെ ഓരോ ദിവസവും പതിമൂന്ന് എണ്ണം വരുന്ന ഓരോ കരയിലെയും നിവാസികൾ സംഘടിപ്പിക്കുന്നു. ക്ഷേത്രപരിസരത്ത് പ്രത്യേക ആചാരങ്ങൾ നടക്കുന്നു. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് , താലപൊലി, അലങ്കരിച്ച കലാരൂപങ്ങൾ എന്നിവയുടെ അകമ്പടിയോടെ സാംസ്കാരിക ഘോഷയാത്രകൾ ക്ഷേത്രപരിസരത്തേക്ക് ആരംഭിക്കും.

## മീനത്തിലെ അശ്വതി ഉത്സവം

ജനങ്ങളും അവരുടെ പ്രിയപ്പെട്ട ഭഗവതിയും തമ്മിലുള്ള വേർപിരിയൽ സമയത്തെ ദൃഢമായ ബന്ധം വ്യക്തമാക്കിത്തരുന്ന ഉത്സവമാണ് മീനമാസത്തിലെ അശ്വതി നാളിൽ നടക്കുന്ന ഈ ഉത്സവം . കൊടുങ്ങല്ലൂരിൽ അമ്മയെ സന്ദർശിക്കാനുള്ള യാത്രയിൽ ദേവതയ്ക്കുള്ള യാത്രയായിപ്പായിട്ടാണ് ഈ ഉത്സവം സങ്കൽപ്പിക്കുന്നത് . ദേശവാസികളുടെ വിശ്വാസത്തിന്റെയും ഒത്തൊരുമയും വ്യക്തമാക്കിത്തരുന്ന ഉത്സവംകൂടിയായി ഇതു മാറുന്നു.

ഹൈന്ദവ ദേവാലയത്തിലെ ആചാരാനുഷ്ഠാനങ്ങൾ ആണെങ്കിൽ കൂടിയും ഓരോ വ്യക്തികളെയും സാമൂഹിക ജീവിയാക്കുവാൻ സഹായിക്കുന്നവയാണ്. സൂക്ഷ്മപഥഗ്രഥനത്തിന് വിധേയമാക്കിയാൽ ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ചടങ്ങുകൾക്ക് പിന്നിൽ വ്യക്തികളുടെ വിശ്വാസം , ദൈവേയം, ഉദ്ദിഷ്ടഫല സിദ്ധി , നന്ദിപ്രകടനം എന്നിവ പ്രതിഫലിക്കുന്നതായി കാണാം.

# അധ്യായം 3

# നാട്ടാചാരങ്ങളും ഭക്ഷണക്രമവും

- കുംഭത്തിലെ കെട്ടുത്സവം
- കുത്തിയോട്ട വഴിപാട്
- കുതിരമൂട്ടിൽ കഞ്ഞി
- കുത്തിയോട്ടവഴിപാടും ഭക്ഷണക്രമവും
- ചെട്ടികുളങ്ങര കുംഭഭരണിയും കൊഞ്ചും  മാങ്ങാക്കറിയും
- കാർത്തിക പൊങ്കാല
- പറയെടുപ്പ് മഹോത്സവം

## കുംഭത്തിലെ കെട്ടുത്സവം

ഓണാട്ടുകരയുടെ വേറിട്ട തച്ചുശാസ്ത്ര കരവിരുതുകളുടെ മകുടോദാഹരണങ്ങളാണ് ഓരോ കെട്ടുകാഴ്ചകളും. കുതിരയും തേരും ഭീമനും ഹനുമാനും പാഞ്ചാലിയും ആണ് കരകളിൽ നിന്നുള്ള കെട്ടുകാഴ്ചകൾ. യഥാർത്ഥ കുതിരകളുമായി രൂപ സാദൃശ്യം ഇല്ലാത്ത പതിനഞ്ച് മീറ്ററോളം സമചതുരാകൃതിയിലുള്ള കൂടാരം, ഒരേ വലിപ്പത്തിൽ ഉയർന്നതാണ് കുതിരകൾ. തേരുകൾക്ക് ഉയർച്ചയ്ക്ക് അനുസരിച്ച് ചരിപ്പുകളുടെ വലുപ്പം കുറയും. നെറ്റിപ്പട്ടവും ദാരുശില്പഭംഗിയും കുതിരകളെ വേറിട്ടു നിർത്തുന്നു. ഈരേഴതെക്ക്, ഈരേഴവടക്ക്, കൈതതെക്ക് , കൈതവടക്ക്, പേള,നടക്കാവ് എന്നീ കരകൾ ആണ് കുതിരയുമായി എത്തുന്നത്. കണ്ണമംഗലംതെക്ക്, കണ്ണമംഗലംവടക്ക്, കടവൂർ, ആഞ്ഞിരിപ്ര, മേനാമ്പള്ളി എന്നിവരാണ് തേരുമായി എത്തുന്നത്. ശിവരാത്രി നാളിലാണ് കുംഭഭരണി മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങുന്നത്. കരനാഥൻ ക്ഷേത്രത്തിലെത്തിയ ദേവിയെ വണങ്ങി കാണിക്ക സമർപ്പിച്ച് പുണ്യാഹം വാങ്ങുന്നു. തിരികെ കരകളിൽ എത്തി കെട്ടൊരുക്ക് ഉരുപ്പടികൾ എന്നിവ പുറത്തെടുത്ത് തീർത്ഥം തളിക്കുന്നു. ഇതോടെ അംബരചുംബികളായ കെട്ടുകാഴ്ചകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ഭരണിനാളിൽ കെട്ടൊരുക്കങ്ങൾ ക്ഷേത്രസന്നിധിയിൽ എത്തിച്ചു ദേവിയെ വണങ്ങുന്നതുവരെ ഉത്സവാഘോഷങ്ങൾ നീണ്ടുനിൽക്കുന്നു.

## കുത്തിയോട്ട വഴിപാട്

ചെട്ടികുളങ്ങര അമ്മയുടെ ഇഷ്ടവഴിപാടാണ് കുത്തിയോട്ടം. കുംഭഭരണിനാളിലാണ് കുത്തിയോട്ടസമർപ്പണം നടക്കുന്നത്. ഭക്തർ വഴിപാടായി ദേവിക്ക് സമർപ്പിക്കുന്ന ചടങ്ങാണിത്. ചെട്ടികുളങ്ങരയിലും പരിസരപ്രദേശങ്ങളിലുമുള്ള കുത്തിയോട്ട സമിതികളുടെ നേതൃത്വത്തിലാണ് കുത്തിയോട്ടപാട്ടും ചുവടും അവതരിപ്പിക്കുന്നത്. വൃശ്ചിക മാസാരംഭം മുതൽ ഇവർ കുത്തിയോട്ട ചടങ്ങുകളുടെ പരിശീലനം തുടങ്ങുന്നു. പരിശീലനം പൂർത്തിയാക്കിയ കുട്ടികളുടെ അരങ്ങേറ്റവും നടക്കുന്നു. കുത്തിയോട്ട വഴിപാടുകാർക്കായി മകരമാസത്തിന്റെ തുടക്കത്തിൽത്തന്നെ പന്തലുകളുടെ കാൽനാട്ടുകർമ്മം നടക്കുന്നു. സാധാരണ ശിവരാത്രി നാളിലാണ്

കുത്തിയോട്ടം ആരംഭിക്കുന്നത്. അന്നു രാവിലെ ക്ഷേത്രദർശനം നടത്തി വഴിപാടുകാർ കുട്ടികളെ ഏറ്റെടുക്കുന്നു. തുടർന്ന് വഴിപാടുകാരും കുത്തിയോട്ട ആചാര്യനും ചേർന്ന് കുതിര ചുവട്ടിൽ വെറ്റിലയും അടയ്ക്കായും നാണയവും ചേർത്ത് ദക്ഷിണ സമർപ്പിച്ച് കരക്കാരെ കുത്തിയോട്ടത്തിന് ക്ഷണിക്കുന്നു. സന്ധ്യക്ക് പന്തലിൽ വിളക്ക് വെച്ച് ചടങ്ങ് നടത്തുന്നതോടെ കുത്തിയോട്ടചുവടുകൾക്ക് തുടക്കം കുറിക്കുന്നു. രേവതിനാൾവരെയാണ് കുത്തിയോട്ടച്ചുവടുകൾ നടത്തുന്നത്.

## കുത്തിയോട്ടവഴിപാടും ഭക്ഷണക്രമവും

കുത്തിയോട്ട വഴിപാടുകൾക്ക് വീടുകളിൽ വരുന്നവർക്ക് ഭക്ഷണം നൽകി സ്വീകരിക്കുക എന്ന പ്രത്യേകത കൂടിയുണ്ട്. വൈകിട്ട് ഏഴു മണിക്ക് ശേഷമാണ് കുത്തിയോട്ടം നടത്തുന്നത്. അന്നത്തെ ദിവസം മുതൽ പത്ത് ദിവസവും അന്നദാനം ഉണ്ടായിരിക്കും. ജാതിമതഭേദമന്യേ ചടങ്ങിനായി വരുന്ന എല്ലാവരെയും ചെട്ടികുളങ്ങര അമ്മയുടെ പ്രതിനിധികളായി കണ്ട് വന്ദിച്ച് അവർക്ക് ഭക്ഷണം നൽകണം എന്നാണ് വിശ്വാസം. വൈകിട്ട് ഇഡലി, സാമ്പാർ, വട, ചമ്മന്തി, ഉപ്പുമാവ് , പഴം, ചായ , ഊണ് എന്നിങ്ങനെയുള്ള ഭക്ഷണങ്ങൾ ആണ് നൽകുന്നത്. ചടങ്ങ് പൂർത്തീകരിക്കുന്ന ദിവസം എല്ലാ നേരവും വരരുന്നവർക്ക് ഭക്ഷണം നൽകണമെന്നാണ് ആചാരം. കുത്തിയോട്ടച്ചടങ്ങ് അവസാനിക്കുന്നതുവരെ ചടങ്ങ് കാണാനായി വരുന്നവർക്ക് ചുക്കുകാപ്പി നൽകുക എന്നതും കുത്തിയോട്ടച്ചടങ്ങിന്റെ പ്രത്യേകതയാണ്.

## കുതിരമൂട്ടിൽ കഞ്ഞി

കെട്ടുത്സവ നിർമ്മാണത്തിനോടനുബന്ധിച്ച് നടത്തുന്ന അന്നദാന വഴിപാടായ കുതിരമൂട്ടിൽ കഞ്ഞി ശ്രദ്ധേയമാണ്. ദേവി ആദ്യം ചെട്ടികുളങ്ങരയിൽ എത്തിയപ്പോൾ കഴിച്ച ആഹാരം കഞ്ഞിയും മുതിരപ്പുഴുക്കും അസ്ത്രവുമാണെന്നാണ് ഐതിഹ്യം. ഓണാട്ടുകരയിലെ കർഷകസമൂഹം തങ്ങളുടെ വിളകളിൽ പ്രധാനമായ അരി, ചേന, കാച്ചിൽ, ചേമ്പ് , മുതിര തുടങ്ങിയവ കൊണ്ടുണ്ടാക്കുന്ന വിശിഷ്ട വിഭവം ആഘോഷനാളുകളിൽ തങ്ങളുടെ എല്ലാമെല്ലാമായ ഭഗവതിയ്ക്കായി നേദിക്കുന്നു എന്നതാണ് കുതിരമൂട്ടിൽ കഞ്ഞിയുടെ സങ്കല്പം .

കെട്ടുകാഴ്ച നിർമ്മാണം തുടങ്ങുന്ന ശിവരാത്രി നാൾ മുതൽ കുതിരമൂട്ടിൽ കഞ്ഞി വിതരണം തുടങ്ങും. കഞ്ഞി, മുതിര , പുഴുക്ക്, അസ്ത്രം, കടുമാങ്ങ, പപ്പടം, അവിൽ, പഴം തുടങ്ങി എട്ടു കൂട്ടം വിഭവങ്ങളാണ് കഞ്ഞിക്ക് കൊടുക്കുന്നത് . കഞ്ഞി കുടിക്കാൻ പഴയകാലത്തെ ഇലയും തടയും പ്ലാവിലയുമാണ് ഉപയോഗിക്കുന്നത്.

ഓലക്കാലുകൊണ്ട് വൃത്താകൃതിയിൽ ഉണ്ടാക്കുന്ന തടയിൽ തൂശനില വെച്ചാണ് ചൂടുകഞ്ഞി വിളമ്പുന്നത് . ജാതിമത ഭേദമന്യേ എല്ലാവരും ഒന്നിച്ച് നിലത്തിരുന്നാണ് കഞ്ഞി കുടിക്കുന്നത് എന്ന പ്രത്യേകത ഇതിനുണ്ട്.

## ചെട്ടികുളങ്ങര കുംഭഭരണിയും കൊഞ്ചും മാങ്ങാക്കറിയും

ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ആഘോഷവുമായി ബന്ധപ്പെട്ട് കുംഭഭരണി നാളിൽ ആ പ്രദേശത്തെ ജനങ്ങളുടെ വീടുകളിൽ പാചകം ചെയ്യുന്ന ഒരു വിഭവമാണ് കൊഞ്ചും മാങ്ങാക്കറി.

ചെട്ടികുളങ്ങരയിലെ കുംഭഭരണിനാളിലെ കൊഞ്ചും മാങ്ങാക്കറിക്ക് ഒരു ഐതിഹ്യമുണ്ട്. ഒരു ഭരണി നാളിൽ കൊഞ്ചും മാങ്ങാക്കറി പാകം ചെയ്യുന്നതിനിടെ വീടിനു സമീപത്തു കൂടി കുത്തിയോട്ട ഘോഷയാത്ര കടന്നുപോയി. ഘോഷയാത്ര കാണണമെന്ന് അവിടെ ഉണ്ടായിരുന്ന വീട്ടമ്മയ്ക്ക് അതിയായ ആഗ്രഹം ഉണ്ടായി. എന്നാൽ അടുപ്പിൽ ഇരിക്കുന്ന കൊഞ്ചും മാങ്ങക്കറിയും വിട്ടുപോകാൻ വീട്ടമ്മയ്ക്ക് ആകുമായിരുന്നില്ല. ഒടുവിൽ കറി കരിയരുതേ എന്ന് ഭഗവതിയെ വിളിച്ചുകേണപേക്ഷിച്ച് വീട്ടമ്മ കുത്തിയോട്ടം കാണാൻ പോയി. മടങ്ങിയെത്തിയപ്പോൾ കറി തയ്യാറായി അടുപ്പിൽ നിന്ന് വാങ്ങിവെച്ചിരിക്കുന്നു. ഈ കാര്യം പ്രദേശമാകെ പരന്നു. കാലാന്തരങ്ങളിൽ കൊഞ്ചുംമാങ്ങ എന്ന വിഭവം കുംഭഭരണിക്ക് ചെട്ടികുളങ്ങരക്കാർക്ക് ഒഴിച്ചു കൂടാനാവാത്തതായി മാറി. കൊടുങ്ങല്ലൂരിൽ നിന്നും ചെട്ടികുളങ്ങരയിൽ എത്തിയ ഭദ്രകാളിക്ക് കരയിലെ ഒരു വീട്ടിൽ നിന്നും കൊഞ്ചും മാങ്ങയും കൂട്ടി ഭക്ഷണം നൽകി എന്നും *ശക്തേയകൗളമാർഗ്ഗത്തിലുള്ള *പഞ്ചമകരപൂജയിൽ ഉൾപ്പെടെ മത്സ്യം കൊണ്ടുള്ള നൈവേദ്യം ആണിതെന്നും വിശ്വാസമുണ്ട്.

# കാർത്തിക പൊങ്കാല

ക്ഷേത്രാവകാശികളായ പതിമൂന്ന് കരകളുടെയും ഏകീകൃത സംഘടനയായ ശ്രീദേവി വിലാസം ഹിന്ദുമത കൺവൻഷന്റെ നേതൃത്വത്തിൽ മകരമാസത്തിലെ കാർത്തികനാളിൽ ചെട്ടികുളങ്ങര പൊങ്കാല നടക്കുന്നു. ചെട്ടികുളങ്ങര അമ്മയുടെ ഇഷ്ടവഴിപാടുകളിലൊന്നാണ് മകരമാസത്തിലെ കാർത്തിക പൊങ്കാല . പൊങ്കാല ദിവസം രാവിലെ തന്ത്രി ശ്രീലകത്തുനിന്ന് അഗ്നി ക്ഷേത്രത്തിൽ പ്രത്യേകമായി ഒരുക്കിയ പൊങ്കാല അടുപ്പിലേക്ക് കൈമാറും. പൊങ്കാല തിളയ്ക്കുന്നതോടെ വാദ്യമേളങ്ങളുടെ അകമ്പടിയോടെ പുരോഹിതർ പൊങ്കാല അടുപ്പുകൾക്ക് സമീപത്തെത്തി തീർത്ഥം തളിച്ചും പുഷ്പാഭിഷേകം നടത്തിയും പൊങ്കാലനിവേദ്യ സമർപ്പണം നടത്തും.

പൊങ്കാലയ്ക്ക് മൺകലം തന്നെ ഉപയോഗിക്കണം. പുത്തൻ മൺകാലം തന്നെയാണ് വേണ്ടത്. പൊങ്കാലയിടുമ്പോൾ കത്തിച്ചുവയ്ക്കുന്ന നിലവിളക്ക്, നിവേദ്യശേഷം പുഷ്പംകൊണ്ട് അണയ്ക്കാം. പാൽപ്പായസം , ശർക്കരപ്പായസം, മണ്ടപ്പൂറ്റ്, തെരളി എന്നിവയാണ് പൊങ്കാലയുടെ കൂടെ സമർപ്പിക്കുന്ന നിവേദ്യങ്ങളിൽ പ്രധാനം. ഭക്തരുടെ ഇഷ്ടമാണ് മുഖ്യം. ശിരോരോഗ സംബന്ധിയായ ഒരൊറ്റ മൂലിയാണ് മണ്ടപ്പുറ്റ്. ഒരിക്കൽ ഉപയോഗിച്ച പാത്രം വീണ്ടും പൊങ്കാലയ്ക്ക് ഉപയോഗിക്കരുത്. അതുകൊണ്ട് കൂടിയാണ് പുത്തൻ മൺകലം തന്നെ ഉപയോഗിക്കാൻ നിർദേശിക്കുന്നത്. പൊങ്കാലയിട്ട കലങ്ങൾ വീട്ടിൽ കൊണ്ടുപോയി പാചകത്തിന് ഉപയോഗിക്കരുത്. വീട്ടിൽ കൊണ്ടുപോയി കലത്തിൽ മണ്ണിട്ടു തുളസിയോ പിച്ചിയോ നടണം അല്ലെങ്കിൽ പൊങ്കാലയ്ക്ക് ശേഷം കലം കഴുകി വൃത്തിയാക്കി അതിൽ അരിയിട്ട് വയ്ക്കണം. തെക്കൻ കേരളത്തിലെ പ്രസിദ്ധമായ ദേവീക്ഷേത്രങ്ങളിൽ ഒന്നായ ചെട്ടികുളങ്ങരയിലെ ഒരു പ്രധാന വിശേഷമാണ് മകരമാസത്തിലെ കാർത്തിക പൊങ്കാല.

* ശക്തേയകൗളമാർഗ്ഗം – ശക്തിയും ശിവനുമായുള്ള ലയനം

* പഞ്ചമകരപൂജ – ഇത് താന്ത്രികപ്രയോഗത്തിൽ ഉപയോഗിക്കുന്ന അതിക്രമപദാർത്ഥങ്ങളുടെ താന്ത്രികപദമാണ്. മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുന എന്നിവയാണ് ഇവ.

# പറയെടുപ്പ് മഹോത്സവം

ചെട്ടികുളങ്ങര ഗ്രാമത്തിന്റെ ഉത്സവാഘോഷങ്ങളിൽ പ്രധാനമാണ് ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ പറയ്ക്കെഴുന്നള്ളത്ത്. വാദ്യമേളങ്ങളോടെ മെഴുവട്ടകുടകൾക്കൊപ്പം ജീവതയിലേറിയാണ് അമ്മ ഭക്തരെ കാണാൻ വീടുകളിൽ എത്തുന്നത്. ജാതിമതഭേദമന്യേ എല്ലാവരും പങ്കുകൊള്ളുന്നു. പറയെടുപ്പ് ആരംഭിക്കുന്നത് ഭഗവതി കൈവട്ടകയിലേറി ഈരേഴതെക്ക് ചെമ്പോലിൽ വീട്ടിലെത്തി കൈനീട്ട പറ സ്വീകരിച്ചു കൊണ്ടാണ്. തുടർന്ന് പതിമൂന്ന് കരകളിലും മാവേലിക്കര, കായംകുളം, കണ്ടിയൂർ, പത്തിയൂർ എന്നിങ്ങനെയുള്ള ചെട്ടികുളങ്ങരയുടെ സമീപപ്രദേശങ്ങളിലും എഴുന്നള്ളത്ത് നടക്കുന്നു. പറയെടുപ്പിനോടനുബന്ധിച്ചു അൻപൊലിയും പോളവിളക്കും ക്ഷേത്രവുമായി ബന്ധപ്പെട്ട ഇടങ്ങളിലും മറ്റും ഇറങ്ങി പൂജയും നടക്കുന്നു. ഈരേഴതെക്ക് കരയിലെ - കാട്ടൂർ, പുല്ലമ്പള്ളിൽ , പുതുപ്പുരയ്ക്കൽ, ഈരേഴവടക്ക് കരയിലെ -മേച്ചരിൽ, കൈതതെക്ക് കരയിലെ- മങ്ങാട്ടേത്ത് , മുടുവൻ പുഴത്ത് കൈതവടക്ക് - കൊളശ്ശേരിൽ, പേള മുടയിൽ, ആഞ്ഞിലിപ്രാ, പുതുശ്ശേരി അമ്പലം, മേനാമ്പള്ളി കരയിലെ - കോയിക്കൽ എന്നിവിടങ്ങൾ ക്ഷേത്രത്തിലെ പുറപ്പെടാമേൽശാന്തി നേരിട്ടുചെന്ന് ജീവിത ഇറക്കി പൂജ നടത്തുന്ന പ്രത്യക കളരികളാണ് ഇവ. ചെട്ടികുളങ്ങര ക്ഷേത്രത്തിനുപുറത്ത് ഭഗവതി ദീപാരാധന സ്വീകരിക്കുന്ന ഏക സ്ഥലമാണ് ആഞ്ഞിലിപ്ര പുതുശ്ശേരി അമ്പലം. പറയെടുപ്പിനോടനുബന്ധിച്ച് വിവിധ ക്ഷേത്രങ്ങളിലും പ്രധാന കവലകളിലും മറ്റും ചെട്ടികുളങ്ങര ഭഗവതിയുടെ കൂടിയെഴുന്നള്ളത്തും നടക്കുന്നു. മാവേലിക്കര ശ്രീകൃഷ്ണസ്വാമീക്ഷേത്രം, കണ്ണമംഗലം ദേവക്ഷേത്രം എന്നിവിടങ്ങളിലെ ഭഗവതിയുടെ കൂടി എഴുന്നള്ളത്ത് പ്രസിദ്ധമാണ്. പറയെടുപ്പ് മഹോത്സവത്തോട് അനുബന്ധിച്ച് അന്നദാനം നൽകുന്നത് ആചാരത്തിന്റെ ഭാഗമായി തുടരുന്നതാണ്. രാവിലത്തെ പ്രഭാതഭക്ഷണം, ഉച്ചയ്ക്ക് ഊണ്, വൈകിട്ടുള്ള ഭക്ഷണം എന്നിവ കൂടാതെ ചില വീടുകളിൽ നിന്ന് പായസം , ലഘു ഭക്ഷണപദാർത്ഥങ്ങൾ എന്നിവയും ഈ ചടങ്ങിന്റെ ഭാഗമാണ്.

പ്രാദേശികമായ ഒരു സ്വത്വാവിഷ്കാരം ചെട്ടികുളങ്ങര ദേശത്തെ ജനങ്ങളിൽ കാണാൻ സാധിക്കും. പരമ്പരാഗതമായ ഒരു ജീവിത രീതിയാണ് ആചാരങ്ങൾക്ക്

വഴിതെളിക്കുന്നത്. ആചാരാധിഷ്ഠിതമാണ് അവിടെ വസിക്കുന്ന ജനങ്ങളുടെ സാമൂഹിക ജീവിതം. മതസൗഹാർദ്ധത്തിലും ചെട്ടികുളങ്ങര ദേശത്തെ ജനങ്ങൾ വ്യത്യസ്തരാണ്. കെട്ടുത്സവത്തോട് അനുബന്ധിച്ച് അന്നദാന വഴിപാടായ കുതിരമൂട്ടിൽകഞ്ഞി സ്വീകരിക്കാൻ ജാതി-മതഭേദമന്യേ ജനങ്ങൾ എത്തുന്നു.

ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ ഉത്സവത്തിന് പ്രത്യേക പ്രാധാന്യം ഉണ്ട്. ബുദ്ധമതവുമായി ബന്ധപ്പെട്ടാണ് തേരിന്റേയും കുതിരയുടേയും നിർമ്മാണരീതിതന്നെ. ഉത്സവത്തിന് വ്യക്തമായ ഒരു ഘടനാരീതി തന്നെ ഉണ്ട്. ഉത്സവങ്ങളും അതിനോട് അനുബന്ധമായി നടക്കുന്ന ആചാരങ്ങൾക്കും , ആചാരങ്ങളുടെ ഭാഗമായി നടക്കുന്ന അന്നദാനം എന്നിവയ്ക്കും വളരെ പ്രാധാന്യം കല്പിക്കുന്നു. ആചാരങ്ങളോട് അനുബന്ധമായ പാരിസ്ഥിതികബോധവും ഇവിടെ ദർശിക്കാം. വർഷങ്ങളായി തുടർന്ന് വരുന്ന രീതികൾ ഇന്നും നിലനിൽക്കുന്നത് പാരമ്പര്യത്തിനും പൈതൃകത്തിനും നൽകുന്ന മുൻഗണനയെ സൂചിപ്പിക്കുന്നു. പാരമ്പര്യത്തിന്റെ പിന്തുടർച്ചയും ജനകീയ പങ്കാളിത്തവും ഇവിടുത്തെ മിക്ക ആചാരാനുഷ്ഠാനങ്ങളിലും നിലിനൽക്കുന്നതായി കാണാം.

ചെട്ടികുളങ്ങര ദേവിക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിൽ ജാതിമത ഭേദമില്ല. കുത്തിയോട്ടവഴിപാടും ജാതി-മത വ്യത്യാസം കൂടാതെ എല്ലാവരെയും ചേർത്ത് നിർത്തി ആഘോഷിക്കുന്നു.

ചെട്ടികുളങ്ങര ദേവിക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളോട് ചേർന്നുതന്നെയാണ് അവരുടെ ജീവിത പശ്ചാത്തലവും. വഴക്കം, ശീലം, നാട്ടുനടപ്പ്, പാരമ്പര്യം എന്നീ ഘടകങ്ങളാണ് നാട്ടാചാരങ്ങൾക്ക് പ്രാധാന്യം നൽകുന്നത്. അത് ഇന്നും ജനങ്ങൾക്കിടയിൽ വിശ്വാസവുമായി കൂട്ടിയിണക്കി സംസ്കാരത്തിന്റെ ഭാഗമായി പിന്തുടർന്നു വരുന്നു.

# ഉപസംഹാരം

പാരമ്പര്യമായി തുടർന്നുപോരുന്ന ശക്തമായ ആചാര വിശ്വാസങ്ങളിൽ അധിഷ്ഠിതമാണ് ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ ആചാരവിശ്വാസങ്ങൾ.

ഹൈന്ദവക്ഷേത്രത്തിലെ ആചാരവിശ്വാസങ്ങൾ എന്നതിലുപരി ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട ആചാരങ്ങളിൽ സമൂഹത്തിനുള്ള സ്വാധീനമാണ് പഠനവിധേയമാക്കുന്നത്. സമൂഹത്തിന്റെ കൂട്ടായ്മ ക്ഷേത്രാചാരങ്ങൾ എന്നതിലുപരി നാട്ടാചാരമായി മാറുന്ന അപൂർവ്വത ഇവിടെ ദൃശ്യമാണ്. പ്രേദേശിക സംസ്കാരവും ആരാധനാ ബോധവും വ്യക്തികളുടെ മാനോഭാവവും നാട്ടാചാരങ്ങളുമെല്ലാം ഒത്തു ചേരുന്നു എന്നതാണ് ചെട്ടികുളങ്ങര ക്ഷേത്രചടങ്ങുകളുടെ പ്രത്യേകത.

ചെട്ടികുളങ്ങര ക്ഷേത്രത്തിലെ അചാരാനുഷ്ഠാനങ്ങൾ വ്യക്തിയെ സമൂഹജീവിയാക്കുവാൻ ഉപകരിക്കുന്നവയാണ്. ആചാരാനുഷ്ഠാനങ്ങൾ വർത്തമാന കാലഘട്ടത്തിന്റെയും വലിയ മാറ്റങ്ങളില്ലാതെ ഇന്നും തുടർന്നു പോരുന്നു എന്നതും എടുത്തുപറയേണ്ട പ്രത്യേകതയാണ്.

പാരമ്പര്യത്തിന്റെ ഊർജ്ജം , ജനപങ്കാളിത്തം എന്നിവ ആചാരങ്ങളുടെ പ്രത്യേകതയാണ്. ഹൈന്ദവമതം മറ്റ് സമുദായങ്ങളും തമ്മിലുള്ള ഐക്യവും സമന്വയവും കൊടുക്കൽ വാങ്ങലുകളും ഇപ്പോഴും നിലനിർത്തുന്നതിന്റെ തെളിവുകളാണ് ഈ ക്ഷേത്രങ്ങളിലെ നേർച്ചകൾ. പുരാതന കാലങ്ങളിലെന്നപോലെ ഇപ്പോഴും നേർച്ചയായി കൊടുക്കുന്ന ഭക്ഷണം പൂജ്യമായി എല്ലാ വിഭാഗക്കാരും ഭക്ഷിക്കണം ജനങ്ങളുടെ വിശ്വാസം , ഐക്യം , സഹകരണം, ഒത്തുചേരൽ ഇങ്ങനെയെല്ലാം ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്.

നാട്ടാചാരങ്ങൾക്ക് പിൻബലമാകുന്നത് ജനങ്ങളുടെ നാട്ടുവിശ്വാസമാണ്. ആചാരങ്ങളെക്കാൾ അനുഷ്ഠാനങ്ങൾക്ക് കർശനമായ ചിട്ടവട്ടങ്ങൾ കാണാം. ഈ ക്ഷേത്രത്തിലെ ചടങ്ങുകളിൽ പലതിലും ആചാരവും അനുഷ്ഠാനവും കൂടിക്കലർന്നു കിടക്കുന്നുണ്ട്. പ്രത്യേകിച്ച് നാട്ടാചാരങ്ങളിലും വിശ്വാസങ്ങളിലും ക്ഷേത്രാചാരങ്ങൾ നാട്ടാചാരമായി മാറുന്ന പ്രത്യേകത ചെട്ടികുളങ്ങര ക്ഷേത്രാചാരങ്ങളുടെ എടുത്തു പറയേണ്ട പ്രത്യേകതയാണ്.

ക്ഷേത്രാചാരത്തിന്റെ ഭാഗമായി അനുഷ്ഠിച്ചുപോരുന്ന ഭക്ഷണനേർച്ചകൾ , ഗ്രാമത്തിലെ കാർഷിക വൃത്തിയേയും ഒപ്പം നാടിന്റെ ഒത്തൊരുമയോടെയുള്ള പാകപ്പെടുത്തലുകളാലും ശ്രദ്ധേയമാണ്. ചെട്ടികുളങ്ങര ഗ്രാമപ്രദേശത്ത് കൃഷി ചെയ്തെടുക്കുന്ന വസ്തുക്കൾ കൊണ്ടാണ് കുതിരമൂട്ടിൽ കഞ്ഞിക്കായുള്ള വിഭവങ്ങൾ തയ്യാറാക്കിയിരുന്നത്. ഇന്ന് കൃഷി അപൂർവ്വമായെങ്കിലും പാരമ്പര്യമെന്ന നിലയിൽ കുതിരമൂട്ടിൽ കഞ്ഞി എന്ന നേർച്ച അതേ രീതിയിൽ പിൻതുടരുന്നുന്നതും ഇവുടുത്തെ പ്രത്യേകതയാണ്.

ചെട്ടികുളങ്ങര ദേശവാസികളുടെയെല്ലാം ജീവിതക്രമത്തിൽ സ്വാധീനമായി മാറിയിരിക്കുന്നു ചെട്ടികുളങ്ങര ദേവീക്ഷേത്രം . ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ അനുഷ്ഠാനഭാഗമായ എല്ലാ കർമ്മങ്ങളും നാടിന്റെ ഒത്തൊരുമയുടെ ആഘോഷമാകുന്നു.

.

# ഗ്രന്ഥസൂചി


1. അജു,കെ.എൻ, കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാടോടി കഥകളിലൂടെ, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി 2001

2. അനിൽ, കെ.എം, ഫോക്‌ലോർ ജനുസ്സ് സിദ്ധാന്തം രാഷ്ട്രീയം, പാപ്പിയോൺ പബ്ലിക്കേഷൻ, കോഴിക്കോട് , 2004

3. രാഘവൻ, പയ്യനാട് , ഫോക്‌ലോർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം, 2019

4. വിഷ്ണു നാരായണൻ നമ്പൂതിരി, എം.പി, നാടോടി വിജ്ഞാനീയം , ഡി.സി.ബുക്സ് , കോട്ടയം, 2007

5. ശശി, ചേരാവള്ളി, ഓടനാടിന്റെ ഉൾത്തുടിപ്പുകൾ , ഉണ്മ പബ്ലിക്കേഷൻസ്, നൂറനാട് , 2007

6. ശങ്കുണ്ണി, കൊട്ടാരത്തിൽ ഐതിഹ്യമാല , കറന്റ് ബുക്സ് , കോട്ടയം, 1997


**വെബ്സൈറ്റ്**


1. https://www.chettikulangaradevitemple.com
2. https://www.malayalam.webdunia.com
3. www.keralaculture.org
4. https://ml.m.wikipedia.org
5. https://en.wikipedia.org

# ആവേദകസൂചി

1. ഉണ്ണികൃഷ്ണൻ നമ്പൂതിരി , പ്ലാക്കുടി ഇല്ലം (ക്ഷേത്രം തന്ത്രി)
2. രാധാകൃഷ്ണൻ പിള്ള , തട്ടാരേത്ത് വീട് , കൈതവടക്ക് ,
   ചെട്ടികുളങ്ങര, എൽ.ഐ.സി ഏജന്റ് ,കരപ്രമാണി , (വയസ്സ് 60 )
3. വിജയൻ സി , വൃന്ദാവൻ , തട്ടാരമ്പലം,
   റിട്ട. അഡീഷണൽ രജിസ്ട്രാർ , കരപ്രമാണി, (വയസ്സ് 59)
4. സുഗതൻ കെ, ചങ്ങേത്ത് കിഴക്കേതിൽ , പെരിങ്ങാല ,
   കായംകുളം , കരപ്രമാണി , (വയസ്സ് 60)